## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 670. 28.09.2016 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

ചോദ്യം

**ശ്രീ.എ.പ്രദീപ്കുമാർ**
**ശ്രീ.കെ.ബാബു**
**ശ്രീ.വി.ജോയി**
**ശ്രീ.എം.നൗഷാദ്**

മറുപടി

**ശ്രീ.ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) മുൻ സർക്കാരിന്റെ കാലത്ത് പല ക്ഷേമനിധി ബോർഡുകളിലെയും ഫണ്ട് നിർബന്ധപൂർവ്വം ട്രഷറികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് പ്രസ്തുത ക്ഷേമനിധികളിൽ അംഗങ്ങളായവർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമബോർഡുകൾ സുഗമമായി പ്രവർത്തിക്കുന്നതിനും, ഭരണചെലവുകൾ കുറയ്ക്കുന്നതിനും സർക്കാർ കാലകാലങ്ങളിൽ ആവിഷ്കരിക്കുന്ന ക്ഷേമ പദ്ധതികൾ കാലതാമസമില്ലാതെ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുന്നതിനും വേണ്ടി സമാനരീതിയിൽ പ്രവർത്തിക്കുന്ന ക്ഷേമബോർഡുകളെ ഏകീകരിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| | സെസ്സിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, ആഭരണനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും അംശാദായ കുടിശ്ശിക പിരിച്ചെടുക്കുന്നതിനും ഗ്രാന്റിനത്തിൽ സർക്കാരിൽ നിന്നും അനുവദിക്കേണ്ട തുക ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Sunith

സെക്ഷൻ ഓഫീസർ